പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3470 | 29.01.2014 ൽ മറുപടിയ്ക്ക് |
|---|---|
| **മാതൃകാ അംഗൻവാടികളുടെ നിർമ്മാണം** | |
| ചോദ്യം | ഉത്തരം |
| ശ്രീ. എ. കെ. ബാലൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |
| (എ)മാതൃകാ അംഗൻവാടികളുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്ത് ഒരു നിയോജക മണ്ഡലത്തിൽ ഒരു അംഗൻവാടിവീതം 140 അംഗൻവാടികളാണ് മാതൃകാ അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 84 അംഗൻവാടികളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിനാണ് കെട്ടിട നിർമ്മാണത്തിന്റെ ചുമതല. |
| (ബി) ഒരു അംഗൻവാടിയുടെ നിർമ്മാണത്തിന് എത്ര രൂപയാണ് നീക്കിവച്ചിട്ടുള്ളത്; എത്ര അംഗൻവാടികളുടെ നിർമ്മാണം ആരംഭിച്ചു; | (ബി) ഒരു അംഗൻവാടി കെട്ടിടത്തിന്റെ നിർമ്മാണത്തിന് 23.75 ലക്ഷം രൂപയാണ് വേണ്ടിവരുന്നത്. 84 അംഗൻവാടികളുടെ നിർമ്മാണ പ്രവർത്തനത്തിന് നടപടികൾ ആരംഭിച്ചു. |
| (സി) മാതൃകാ അംഗൻവാടികളുടെ നിർമ്മാണ ചുമതല സംസ്ഥാന തലത്തിൽ ഒരു ഏജൻസിക്കാണോ; ഒന്നിൽ കൂടുതൽ ഏജൻസികൾ ഉണ്ടോ; വിശദാംശങ്ങൾ നൽകുമോ ; | (സി) മാതൃകാ അംഗൻവാടിയുടെ നിർമ്മാണ ചുമതല ആദ്യം കിറ്റ്കോ-യെയാണ് ഏൽപ്പിച്ചതെങ്കിലും നിർമ്മാണപ്രവർത്തികൾ വൈകിച്ചതിനാൽ നേമം, പാറശ്ശാല, നെയ്യാറ്റിൻകര, വാമനപുരം എന്നീ നിയമസഭാ മണ്ഡലങ്ങളിലെ മാതൃകാ അംഗൻവാടികളുടെ നിർമ്മാണം മാത്രം കിറ്റ്കോ-യ്ക്ക് നൽകുകയും അവശേഷിക്കുന്ന നിയമസഭാ മണ്ഡലങ്ങളിലെ മാതൃകാ അംഗൻവാടി കെട്ടിടങ്ങളുടെ നിർമ്മാണം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. |
| (ഡി) ഈ ഏജൻസിയെ എങ്ങനെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ഡി) സർക്കാർ തീരുമാനങ്ങളുടെ വെളിച്ചത്തിലാണ് ഇത്തരത്തിൽ തെരഞ്ഞെടുത്തിട്ടുള്ളത്. |
| (ഇ) മാതൃകാ അംഗൻവാടിയിലൂടെ ലക്ഷ്യമിടുന്ന സൗകര്യങ്ങളും പ്രവർത്തനങ്ങളും വിശദമാക്കുമോ? | (ഇ) 10 സെന്റ് സ്ഥലത്തിൽ പണിയാൻ ഉദ്ദേശിക്കുന്ന മാതൃകാ അംഗൻവാടി കെട്ടിടത്തിൽ ക്ലാസ്റൂം, ഡൈനിംഗ് റൂം, റീഡിംഗ് റൂം, മുതിർന്ന സ്ത്രീകളുടെ പകൽ പരിപാലന ഹാൾ, ഫീഡിംഗ് റൂം, ശിശു സൗഹൃദ ടോയിലറ്റ്, സ്ത്രീ സൗഹൃദ ടോയിലറ്റ്, കുടിവെള്ള സൗകര്യം, ചുറ്റുമതിൽ, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്. അതോടൊപ്പം വൃദ്ധരായ സ്ത്രീകളുടെ പകൽ പരിപാലനവും കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കായുള്ള സേവനങ്ങളും മാതൃകാ അംഗൻവാടിയുടെ ലക്ഷ്യങ്ങൾ ആണ്. |

**സെക്ഷൻ ഓഫീസർ**